(ഇ) പ്രസ്തുത തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-7-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 100/2009/ തൊഴിൽ പ്രകാരം പാചക തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്ന നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) 23-7-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 100/2009/ തൊഴിൽ പ്രകാരം പാചക തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുശാസിക്കും പ്രകാരമുള്ള എല്ലാ തൊഴിൽ നിയമ പരിരക്ഷയും പാചക തൊഴിലാളികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പാചക തൊഴിലാളികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി കൂടിയാലോചിച്ചാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. ഈ രീതി തുടരുന്നതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം

160 (T 8220) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ സ്വീപ്പർ, ക്ലീനർ എന്നീ തസ്തികകളിൽ ഉണ്ടാവുന്ന ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നൽകാറുണ്ടോ ; വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാറുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലുണ്ടാകുന്ന പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 50 വയസ്സു കഴിഞ്ഞവരെ സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽനിന്ന് അറിയിക്കുന്ന സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ചെയ്യുന്നത്. നിയമനം നടത്തുന്നത് ഉദ്യോഗദായകനാണ്.

(ബി&സി) ഉണ്ട്. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാർ, കേന്ദ്ര/സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ലോക്കൽ ബോഡികൾ എന്നിവയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ഒഴിവുകൾക്ക് അവരുടെ നിയമ പ്രകാരം പ്രായപരിധി അറിയിക്കുന്നത് ഉദ്യോഗദായകരായതിനാൽ പ്രസ്തുത ഒഴിവുകൾക്ക് ഉദ്യോഗദായകൻ ആവശ്യപ്പെടുന്നപക്ഷം 50 വയസ്സു കഴിഞ്ഞ വരെയും നാമനിർദ്ദേശത്തിനായി പരിഗണിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

161 (8221) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly